# കേരള സർവകലാശാല

നം. പി.ആർ.099/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### അഗ്രോ ഇക്കോളജിയിൽ സർട്ടിഫിക്കറ്റ് കോഴ്സ്

കേരള സർവകലാശാല സാമ്പത്തിക ശാസ്ത്ര വിഭാഗം നോർവീജിയൻ യൂണിവേഴ്സിറ്റി ഓഫ് ലൈഫ് സയൻസസുമായി സഹകരിച്ച് അഗ്രോ ഇക്കോളജിയിൽ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിക്കുന്നു. നാലാഴ്ചക്കാലത്തെ കോഴ്സ് ജൂൺ ഒന്നിന് കാര്യവട്ടം എക്കണോമിക്സ് വകുപ്പിൽ തുടങ്ങും. അപേക്ഷകൾ മെയ് 20-ന് മുമ്പ് സമർപ്പിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in.) News എന്ന ലിങ്കിൽ ലഭിക്കും.

### എം.എ, എം.എസ്സി ഫലം

കേരള സർവകലാശാല 2016 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ പൊളിറ്റിക്കൽ സയൻസ്, മ്യൂസിക്, അറബിക്, എം.എസ്സി ജിയോളജി, എൻവയോൺമെന്റൽ സയൻസ്, മൈക്രോ ബയോളജി , എം.എസ്.ഡബ്ലിയു പരീക്ഷാഫലം സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.കോം ടൈംടേബിൾ

കേരള സർവകലാശാല മെയിൽ നടത്തുന്ന ബി.കോം - കംപ്യൂട്ടർ ആപ്ലിക്കേഷൻ (ആന്വൽ സ്കീം- ത്രീ മെയിൻ) മൂന്നാം വർഷം (റെഗുലർ, സപ്ലിമെന്ററി)/ രണ്ടാം വർഷം (ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി)/ ഒന്നാം വർഷം (സപ്ലിമെന്ററി) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.de.keralauniversity.ac.in) ലഭിക്കും.

### ബി.പി.എഡ് ഫലം

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ (ബി.പി.എഡ്) ഏഴാം സെമസ്റ്റർ പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എസ്സി പ്രാക്ടിക്കൽ

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ (കരിയർ റിലേറ്റഡ്) ബി.എസ്സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോ ബയോളജി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മെയ് എട്ടിനും (ബയോകെമിസ്ട്രി), മെയ് പത്തിനും (മൈക്രോ ബയോളജി) തുടങ്ങും. ബി.എസ്സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷന്റെ (328) പ്രാക്ടിക്കൽ പരീക്ഷകൾ മെയ് ഒമ്പത് മുതൽ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.കോം പരീക്ഷ മാറ്റി

കേരള സർവകലാശാല മെയ് 12-ന് നടത്താനിരുന്ന രണ്ടാം വർഷ ബി.കോം (ആന്വൽ സ്കീം) പേപ്പർ IX പരീക്ഷ മെയ് 24-ലേക്ക് മാറ്റി. പരീക്ഷാകേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല.

തിരുവനന്തപുരം.
06.05.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**